**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്, ശ്രീ. എ. പി. അനിൽ കുമാർ , ശ്രീമതി ഉമ തോമസ് | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | കായികമേഖലയുടെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് ഗ്രാമീണ കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലോകാരോഗ്യ സംഘടനയുടെ 2030-ലെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പലതും കൈവരിക്കുന്നതിന് സാധിക്കും. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ നടത്തം, സൈക്ലിംഗ്, കായികം, സജീവമായ വിനോദം, കളി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പലതും കൈവരിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്ക് ഗുണപരമായ ആരോഗ്യവും സാമൂഹികവും സാമ്പത്തികവുമായ നേട്ടങ്ങളും കൈവരിക്കുന്നതിനും സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കളിക്കളം നിർമ്മിക്കുന്നതിനുള്ള സ്ഥല ലഭ്യത, നിർമ്മാണ ചെലവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഫുട്ബോൾ, വോളീബോൾ, ബാസ്കറ്റ് ബോൾ, ബാഡ്മിന്റൺ, ഫുട്ബോൾ ടർഫുകൾ, സിന്തറ്റിക് കോർട്ടുകൾ, മൾട്ടി സ്പോർട്സ് അരീന, ഇൻഡോർ കോർട്ടുകൾ, ഫിറ്റ്നസ് പവലിയൻ/ഓപ്പൺ ജിം, ടോയ്ലറ്റുകളും വസ്ത്രം മാറുന്ന മുറികളും, കഫറ്റീരിയ, വൈദ്യുതീകരണം, സ്റ്റേഡിയം/ഗ്യാലറി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കാമോ? | (സി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായി വരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ |

പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയ്ക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം ഒന്നാംഘട്ടമായി തിരഞ്ഞെടുത്തിട്ടുള്ള 124 കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ/ എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 116 കളിസ്ഥലങ്ങളിൽ 103 കളിക്കളങ്ങളുടെ നിർമ്മാണ പ്രവൃത്തിയ്ക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 82 കളിക്കളങ്ങൾക്ക് പ്ലാൻ ഫണ്ടും, എം.എൽ.എ/എം.പി./ തദ്ദേശ സ്വയംഭരണ ഫണ്ടും ചേർത്ത് കായിക യുവജനകാര്യ ഡയറക്ടർ സംയുക്തഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 78 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും 77 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. അതിൽ 10 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 54 പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടുകയും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയുമാണ്. 10 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാംഘട്ടമായി തിരഞ്ഞെടുത്തിട്ടുള്ള 12 കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ/എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 2 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. 1 പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. 9 പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകുകയും, ടി ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ/ എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 7 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിൽ എം.എൽ.എ/ എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായ

| | | | |
|---|---|---|---|
| | | | 4 കളിക്കളങ്ങൾക്ക് പ്ലാൻ ഫണ്ടും, എം.എൽ.എ/ എം.പി./തദ്ദേശ സ്വയംഭരണഫണ്ടും ചേർത്ത് കായിക യുവജനകാര്യ ഡയറക്ടർ സംയുക്തഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. 11 പ്രവൃത്തികളുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. എം.എൽ.എ./ എം.പി./തദ്ദേശ സ്ഥാപന വിഹിതം എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി കളിസ്ഥലങ്ങൾക്കുള്ള സംയുക്ത ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ